# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2296 — 8.12.2015 ലെ മറുപടിക്ക്

## സഹകരണമേഖലയിലെ നിക്ഷേപങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ രംഗത്തെ ഉണർവ്വിനായി കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തനത്തിന് മതിയായ ഫണ്ട് സമാഹരിക്കുക എന്നതാണ് നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് സംഘടിപ്പിച്ച 4 നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ 18500 കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും 22527.67 കോടി രൂപ സമാഹരിക്കുന്നതിന് സാധിച്ചു. നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുക വഴി സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുകയും അതുവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുകയും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യമിടുന്നത്. |

........2/

സി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

സി) ഓരോ നിക്ഷേപ സമാഹരണ യജ്ഞത്തിലും വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന/ജില്ല/താലൂക്ക്/സംഘം തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം സംഘടിപ്പിച്ചു. ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും സഹകാരികളെയും പങ്കെടുപ്പിച്ച് ക്യാമ്പയിൻ സംഘടിപ്പിച്ചു. ഓരോ ജില്ലക്കും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച് നൽകുകയും ഏറ്റവും കൂടുതൽ നിക്ഷേപം സമാഹരിക്കുന്ന ജില്ലക്കും വിവിധ വിഭാഗത്തിൽപ്പെട്ട സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ട്രോഫികൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചു. ക്യാമ്പയിന്റെ നടത്തിപ്പിനായി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥരെ വിന്യസിച്ച് ചുമതല നൽകി. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, എംപ്ളോയീസ് സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്ക്, ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി നിക്ഷേപം സ്വീകരിക്കുന്ന ഇതര സഹകരണ സംഘങ്ങൾ എന്നിവയെ നിക്ഷേപ സമാഹരണ യഞ്ജങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. നിക്ഷേപ ഗ്യാരണ്ടി സ്കീം നടപ്പാക്കാൻ കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. മേൽ പരാമർശിച്ച സംഘങ്ങളിൽ/ബാങ്കുകളിൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡെപ്പോസിറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടാത്ത എല്ലാ സംഘങ്ങളും നിക്ഷേപ

......3/

ഗ്യാരണ്ടി സ്കീമിൽ ചേരേണ്ടതാണെന്നും, സ്കീമിൽ ചേരാത്ത സംഘങ്ങളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അവകാശം നഷ്ടമാകുമെന്നും, ഇത്തരം സംഘങ്ങളെ നിക്ഷേപം സ്വീകരിക്കുന്നതിൽ നിന്നും വിലക്ക് കൽപ്പിക്കുമെന്നും നിഷ്ക്കർഷിച്ച് ഉത്തരവ് നൽകാൻ രജിസ്ട്രാർക്ക് അധികാരം നൽകിയിള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ